ധന എക്സൈസ് വകുപ്പുമന്ത്രി, കൃഷി-കയർ വകുപ്പുമന്ത്രി, ഊർജ്ജ വകുപ്പു മന്ത്രി, തൊഴിൽ വകുപ്പുമന്ത്രി എന്നിവരടങ്ങുന്ന ഒരു മന്ത്രിസഭാ ഉപസമിതിയെ നിയമിക്കുകയും ചെയ്തിട്ടുണ്ട്.

(സി) കെൽട്രോൺ കൗണ്ടേഴ്സ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് സാലിസിലേറ്റേഴ്സ് ആന്റ് കെമിക്കൽസ് ലിമിറ്റഡ്, ട്രാവൻകൂർ പ്ലൈവുഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഡിറ്റർജന്റ്സ് ആന്റ് കെമിക്കൽസ് ലിമിറ്റഡ്, ആസ്ട്രാൾ വാച്ചസ്, ട്രാൻസ്ഫോർമേഴ്സ് ആന്റ് ഇലക്ട്രിക്കൽസ് ലിമിറ്റഡ് എന്നിവ സ്വകാര്യ മേഖലയുടെ പങ്കാളിത്തത്തോടെ പുനരുദ്ധരിക്കുന്നതിന് പരിഗണിച്ചിരുന്നു. ഈ കമ്പനികൾക്കായി അപേക്ഷകൾ കിട്ടിയിട്ടുണ്ട്. സർക്കാർ തീരുമാനമൊന്നും എടുത്തിട്ടില്ല. ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്, കേരള സോപ്സ് ആന്റ് ഓയിൽസ് ലിമിറ്റഡ്, കേരള സിറാമിക്സിന്റെ പോഴ്സലൈൻ ഡിവിഷൻ, കേരള കൺസ്ട്രക്ഷൻ കംപോണന്റ്സ് ലിമിറ്റഡ്, മെട്രോപോളിറ്റൻ എൻജിനീയറിംഗ് കമ്പനി ലിമിറ്റഡ്, കെൽട്രോൺ റെക്ടിഫയേഴ്സ്, കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എൻജിനീയറിംഗ് കമ്പനി ലിമിറ്റഡിന്റെ ഒലവക്കോട് യൂണിറ്റ് എന്നിവ അടച്ചുപൂട്ടാൻ തീരുമാനിച്ചിട്ടുണ്ട്.

പീഡിത വ്യവസായ യൂണിറ്റുകളെ പുനരുജ്ജീവിപ്പിക്കാൻ നടപടി

98 [204] *ശ്രീ. മഞ്ഞളാംകുഴി അലി:*
„ *വി. കെ. ചന്ദ്രൻ:*
„ *മത്തായി ചാക്കോ:*
„ *കെ. വി. കുഞ്ഞിരാമൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെമ്പാടുമുള്ള ദുർബല-പീഡിത വ്യവസായ യൂണിറ്റുകളെ പുനരുജ്ജീവിപ്പിച്ച് ശക്തിപ്പെടുത്താനുള്ള ഒരു പൈലറ്റ് പ്രോഗ്രാം നടപ്പാക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) പൈലറ്റ് പ്രോഗ്രാം തയ്യാറാക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; ഇതുവഴി എത്ര പേർക്ക് പുതുതായി തൊഴിൽ നൽകുമെന്നായിരുന്നു സർക്കാർ പ്രഖ്യാപിച്ചിരുന്നത്;

(സി) ദുർബല-പീഡിത വ്യവസായ യൂണിറ്റുകളെ പുനരുജ്ജീവിപ്പിക്കുന്നതിനായി യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രഖ്യാപിച്ച ഏതെങ്കിലും പദ്ധതി പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ടോ; ദുർബല-പീഡിത വ്യവസായങ്ങളിലെ എത്ര ശതമാനം യൂണിറ്റുകളെ ഇതിനകം പുനരുജ്ജീവിപ്പിക്കുകയുണ്ടായി; നിലവിലുള്ള ദുർബല പീഡിത-വ്യവസായ യൂണിറ്റുകളുടെ വിശദാംശം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) ഉത്തരം (എ) യുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2001-2002, 2002-2003, 2003-2004, 2004-2005 എന്നീ നാലു വർഷങ്ങളിൽ 242 ചെറുകിട വ്യവസായങ്ങളെ പീഡിത വ്യവസായ യൂണിറ്റുകളായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവയിൽ 161 എണ്ണത്തെ പീഡിത വ്യവസായ പുനരുദ്ധാരണ പദ്ധതി പ്രകാരം പുനഃരുദ്ധരിച്ചിട്ടുണ്ട്. ഇത് രജിസ്റ്റർ ചെയ്യപ്പെട്ട പീഡിത വ്യവസായങ്ങളുടെ 66.5% ആണ്. പീഡിത വ്യവസായ പദ്ധതിയുടെ ആരംഭം മുതൽ നാളിതുവരെ രജിസ്റ്റർ ചെയ്യപ്പെട്ട 2312 യൂണിറ്റുകൾ ഉണ്ട്. ഇവയെല്ലാം തന്നെ ചെറുകിട വ്യവസായ യൂണിറ്റുകളാണ്. ഇവയിൽ പലതും പുനരുദ്ധാരണ സാദ്ധ്യതയില്ലാത്തതായതുകൊണ്ട് പൂട്ടിപ്പോയിട്ടുണ്ട്. നല്ലൊരു വിഭാഗം യൂണിറ്റുകൾക്ക് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും സാമ്പത്തികമായ ബാദ്ധ്യതകൾക്ക് 'ഒ. ടി. എസ്.' അനുവദിപ്പിക്കുന്നതിന് ജില്ലാ വ്യവസായ കേന്ദ്രങ്ങളും വ്യവസായ വാണിജ്യ ഡയറക്ടറേറ്റുംവഴി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കൈത്തറി വ്യവസായത്തിന്റെ ഉന്നമനത്തിനായി കേന്ദ്രത്തിന് സമർപ്പിച്ച തനിമ പദ്ധതി

99 [206] *ശ്രീ. കെ. സുധാകരൻ:*
„ *ജോർജ് ജെ. മാത്യു:*
„ *ടി. എൻ. പ്രതാപൻ:*
„ *എം. കെ. പോൾസൺ മാസ്റ്റർ:*
„ *എം. മുരളി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ കൈത്തറി വ്യവസായത്തിന്റെ ഉന്നമനത്തിനായി കേന്ദ്രത്തിന് സമർപ്പിച്ച തനിമ പദ്ധതിക്ക് അനുമതി ലഭിച്ചുവോ;

(ബി) ലഭിച്ചെങ്കിൽ ഈ പദ്ധതി പ്രകാരം എന്തെല്ലാം സംരംഭങ്ങളാണ് കൈത്തറി മേഖലയിൽ പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതിക്കുവേണ്ടി എന്തു ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി *(ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്):*

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഈ പദ്ധതിക്ക് 14.64 കോടി രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly